**THE STATE ELECTRICITY OMBUDSMAN**
D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
Email: ombudsman.electricity@gmail.com

---

# അപ്പീൽ പരാതി നമ്പർ: P/053/2024
**(സാന്നിധ്യം: എ. ചന്ദ്രകുമാരൻ നായർ)**
**തീയതി: 08-10-2024**

| | | |
|---|---|---|
| പരാതിക്കാരൻ | : | ശ്രീ.കെ.എം രവീന്ദ്രൻ , ഇലശേരി വീട് ,<br>കായലം പി.ഓ , മാവൂർ, കോഴിക്കോട് ജില്ല |
| എതിർകക്ഷി | : | ദി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>ഇലക്ട്രിക്കൽ സബ് ഡിവിഷൻ,<br>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്,<br>കോവൂർ, കോഴിക്കോട് ജില്ല |

## പരാതിയുടെ പശ്ചാത്തലം

പരാതിക്കാരനായ ശ്രി. കെ.എം രവീന്ദ്രൻ ലൈസൻസി (KSEBL) യുടെ മാവൂർ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ വരുന്ന ഒരു ഉപഭോക്താവാണ്. കോവൂർ ഇലക്ട്രിക് സബ് ഡിവിഷന്റെ കീഴിലുള്ളതാണ് മാവൂർ സെക്ഷൻ. 1165962026836 എന്ന കൺസ്യൂമർ നമ്പരിലുള്ള കണക്ഷൻ സിംഗിൾ ഫേസിൽ 420 w കണക്റ്റഡ് ലോഡിൽ LT 7A താരിഫിൽ 25/07/2018 ൽ നൽകിയിട്ടുള്ളതാണ്. ഒരു കടയ്ക്ക് വേണ്ടി കൊടുത്തിട്ടുള്ള കണക്ഷൻ ആണിത്. കട പ്രവർത്തന രഹിതമായതിനാൽ അടഞ്ഞു കിടക്കുകയായിരുന്നു. 25/12/2023 മുതൽ 26/02/2024 വരെയുള്ള ദ്വൈ മാസ കാലയളവിൽ മീറ്റർ 2062 യൂണിറ്റ് ഉപഭോഗം രേഖപ്പെടുത്തുകയും അതിൻ പ്രകാരം ലൈസൻസി 21,909/- രൂപയുടെ ബിൽ നൽകുകയും ചെയ്തു. ഉപഭോക്താവിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ ലൈസൻസിയുടെ ഉദ്യോഗസ്ഥർ സ്ഥല പരിശോധന നടത്തുകയും അടച്ചിട്ട കടയുടെ സീലിംഗിൽ കാണുന്ന വയറിൽ short circuit മൂലമായിരിക്കാം ഇത്രയും ഉപഭോഗം രേഖപ്പെടുത്തിയിട്ടുള്ളതെന്നും റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നു. പരാതിക്കാരൻ CGRF ൽ പരാതി സമർപ്പിക്കുകയും, CGRF നടപടികൾ പൂർത്തിയാക്കി 25/2/2024 ൽ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ആ ഉത്തരവിന്റെ അപ്പീലായിട്ടാണ് ഈ പരാതി ഓംബുഡ്സ്മാൻ സമക്ഷം സമർപ്പിച്ചിരിക്കുന്നത്.

## പരാതിക്കാരന്റെ വാദം

പരാതിക്കാരൻ കെ.എസ്.ഇ.ബി മാവൂർ ഇലക്ട്രിക്കൽ പരിധി യിലെ കൺസ്യൂമർ നമ്പർ 11656202 6836 എൽ.ടി VII A താരിഫിൽ സിംഗിൾ ഫേസ് വൈദ്യുത കണക്ഷൻ ഉപഭോക്താവാണ്. മാസങ്ങളായി പരാതിക്കാരന്റെ സ്ഥാപനം അടഞ്ഞു കിടക്കുന്നതിനാൽ വൈദ്യുതി ഉപയോഗിച്ചിട്ടില്ലാത്തതും അത്തരത്തിൽ ബില്ല് വന്നു കൊണ്ടിരിക്കുകയുമായിരുന്നു. എന്നാൽ 2013 ഡിസംബർ 2014 ജനുവരി മാസങ്ങളിൽ 21909/-രൂപയുടെ ബില്ല് കെ.എസ്.ഇ.ബിയിൽ നിന്നും ലഭിക്കുകയുണ്ടായി. അധികൃതർ നടത്തിയ പരിശോധനയിൽ പെട്ടെന്ന് തൊട്ടടുത്തുള്ള ട്രാൻസ്ഫോർമറിൽ നിന്നും അധികവൈദ്യുതി പ്രവഹിച്ചതിനാൽ ഉണ്ടായതാണെന്ന് അറിയിക്കുയും ചെയ്തു. എന്നാൽ പ്രസ്തുത ബിൽ അടവാക്കുന്നതിൽ നിന്ന് ഒഴിവാക്കി നൽകുവാൻ കെ.എസ്.ഇ.ബി തയ്യാറാവാതെ വന്നതിനെ തുടർന്ന് പരാതിക്കാരൻ വൈദ്യുതി പരാതി പരിഹാര ന്യായസഭ മുമ്പാകെ പരാതി നൽകുകയുമാണുണ്ടായത്. എന്നാൽ ന്യായസഭ കെ.എസ്.ഇ.ബിയെ സഹായിക്കുന്ന നിലപാട് എടുക്കു കയും പരാതി തള്ളുകയും ഉണ്ടായി. പ്രസ്തുത ഉത്തവിനെതിരെ താഴെപറയുന്ന കാരണങ്ങളാൽ ഈ അപ്പീൽ ബോധിപ്പിച്ചു കൊള്ളുന്നു.

1.പരാതിക്കാരന്റെ വാദങ്ങൾ കണക്കിലെടുക്കാതെയും യഥാർത്ഥകാര്യങ്ങൾ കണക്കിലെടുക്കാതെയും കെ.എസ്.ഇ.ബി ഉദ്യോഗസ്ഥർ പറഞ്ഞത് വിശ്വസിച്ച് പരാതി തള്ളി തീർപ്പാക്കിയത് നിയമപ്രകാരവും വസ്തുതകൾക്ക് അടിസ്ഥാനമായും നിലനിൽക്കത്തക്കതല്ല.

2. 2023 ഡിംസബർ മുതൽ 2024 ജനുവരി വരെയുള്ള ദ്വൈമാസ കാലയളവിൽ 2000 ത്തിലധികം യൂണിറ്റ് വൈദ്യുതി ഉപയോഗം തീരെ ഉപയോഗിച്ചു വരാത്ത പരാതിക്കാരന്റെ സ്ഥാപനത്തിലുള്ള മിറ്ററിൽ കാണിച്ച് പെട്ടെന്ന് ട്രാൻസ്ഫോർമറിൽ നിന്നും വൈദ്യുതി പ്രവഹിച്ചതിനാൽ പരാതിക്കാരന്റെ കണക്ഷനിലുള്ള വയർ കത്തിപ്പോയതായും അപ്രകാരം വൈദ്യുതി നഷ്ടം ഉണ്ടായതായും മേൽപ്രകാരം മറ്റു പരാതിക്കാർ ഉണ്ടെന്നും പരിശോ ധന നടത്തിയവർ തന്നെ അറിയിച്ചുവെങ്കിലും 21909/- രൂപയുടെ വൈദ്യുതബിൽ പിന്നീട് കെ.എസ്.ഇ.ബി അയക്കുകയാണ് ചെയ്തത്. വൈദ്യുതി ഉപയോഗിച്ചിട്ടില്ല എന്ന് പൂർണ്ണബോധ്യം വന്നതിന് ശേഷം ഉപയോഗിക്കാത്ത വൈദ്യുതിക്ക് പരാതിക്കാരൻ ബിൽ നൽകണമെന്ന് ആവശ്യപ്പെടുവാൻ കെ.എസ്.ഇ.ബിക്ക് യാതൊരു അവകാശവുമില്ല..

3. പരാതിക്കാരന്റെ സീലിംഗിൽ ഷോർട്ട് സർക്യൂട്ട് ഉണ്ടായെന്നും ആയത് കെ.എസ്.ഇ.ബിയുടെ തെറ്റുകൊണ്ടല്ല എന്നും മറ്റും അവർ

വാദിക്കുന്നതിൽ യാതൊരു കഴമ്പും ഇല്ല പരാതിക്കാരന്റെ വയറിംഗിനും ഷോർട്ട് സർക്യൂട്ട് തുടങ്ങിയവക്കും മുൻകരുതലുകൾ എടുത്ത നടപടികളും സ്ഥാപിച്ച് ഇ.എൽ.സി.ബി, മീറ്റർ തുടങ്ങിയവക്കും പരിശോധിച്ചതിന് ശേഷം മാത്രമാണ് കെ.എസ്.ഇ.ബി പരാതിക്കാരന് വൈദ്യുതി കണക്ഷൻ നൽകിയി ട്ടുള്ളത്. അങ്ങിനെയിരിക്കെ വയറിംഗിന്റെ തകരാറുകൊണ്ടാണ് എന്നും സ്ഥാപിച്ച് ഇ.എൽ.സിബി പ്രവർത്തന രഹിതമായിട്ടുണ്ടാകും എന്നും മറ്റും കെ.എസ്.ഇ.ബി ഉന്നയിക്കുന്ന വാദങ്ങൾ നില നിൽക്കുന്നതല്ല. ഇ.എൽ.സി.ബി പ്രവർത്തനക്ഷമമാണ് എന്നും പരാതിക്കാരന്റെ മുമ്പാകെ പരിശോധിച്ച് സബ്ബ് എഞ്ചിനീയർക്ക് ബോധ്യപ്പെട്ടതുമാണ്.

4. പരാതിക്കാരന്റെ എടുപ്പിന്റെ സീലിംഗ് പോയന്റിലുള്ള ഷോർ ട്ടിംഗ് മൂലമുള്ള എർത്തിലൂടെയാണ് വൈദ്യുതി പാഴായിപ്പോയത് എന്നവാദം നിലനിൽക്കുന്നതല്ല. ഷോർട്ട് സർക്യൂട്ടിംഗ് ഉണ്ടായെങ്കിൽ ഇ.എൽ.സിബി വർക്ക് ചെയ്ത് ആയത് ട്രിപ്പാകുന്നതാണ്. ഇ.എൽ. സിബിയുടെ പ്രവർത്തനത്തിന് യാതൊരു തകരാറുമില്ല എന്ന് പരിശോധന നടത്തിയ ഉദ്യോഗസ്ഥൻ മനസ്സിലാക്കിയതും പരാതി ക്കാരനെ അറിയിച്ചതുമാണ്. എർത്തിംഗ് ആകാതെ വന്നതിനുള്ള കാരണങ്ങൾ മറച്ചു വെച്ച് പരാതിക്കാരനുമേൽ  പഴി ചാരുകയാണ് കെ.എസ്.ഇ.ബി ചെയ്തിരിക്കുന്നത്.

5. കെ.എസ്.ഇ.ബി ഉദ്യോഗസ്ഥർ വയറിംഗും മറ്റും പരിശോധിച്ച് ന്യൂനതകൾ ഇല്ലാ എന്ന് ഉറപ്പു വരുത്തിയതിനു ശേഷമാണ് പരാതി ക്കാരന്റെ സ്ഥാപനത്തിലേക്ക് വൈദ്യുതി കണക്ഷൻ നൽകിയത്. ഇ.എൽ.സിബി സർക്യൂട്ടിൽ ഉണ്ട് എന്ന കാര്യം കെ.എസ്.ഇ.ബി സമ്മതിക്കുന്നുമുണ്ട്. ട്രാൻസ്ഫോർമറിൽ ഉള്ള അപാകതകൾ കാരണം അനേകം വീടുകളിലുള്ള ഉപഭോക്താക്കൾക്ക് നാശ നഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട് എന്നും അധിക വൈദ്യുതി പ്രവാഹം മൂലമാണ് പ്രസ്തുത നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുള്ളത് എന്നും വ്യക്തമായ കാര്യം മറച്ചു വെച്ചു കൊണ്ടാണ് പ്രസ്തുത ബിൽ തയ്യാറാക്കിയത്. കെ.എസ്.ഇ.ബിയുടെ കണക്ഷനിൽ നിന്നും പെട്ടെ ന്നുണ്ടായ വൈദ്യുതി പ്രവാഹത്താൽ ഉണ്ടായ പ്രശ്നങ്ങൾ കൊണ്ടാണ് വയറിംഗ് സംവിധാനത്തിന്റെ തകരാറുകൾ ഉണ്ടായതെന്നും വൈദ്യുതി നഷ്ടം ഉണ്ടായതെന്നും വ്യക്തമാണ്. ഏതു നിലക്കും ഉപയോഗിക്കാത്ത് വൈദ്യുതിക്ക് കസൺസ്യൂമറിൽ നിന്നും ചാർജ്ജ് ഈടാക്കുന്നത് സാമാന്യ നീതിക്ക് നിരക്കാത്തതുമാകുന്നു.

അതുകൊണ്ട് ദയവുണ്ടായി മേൽ കാര്യത്തിൽ 25.05.2024 ന് ഫോറം പാസ്സാക്കിയ ഉത്തരവ് റദ്ദാക്കി 21909/- രൂപ വൈദ്യുതി ചാർജ്ജായി അടയ്ക്കുന്നതിൽ നിന്നും അപ്പീൽ ഹർജിക്കാരെ  ഒഴിവാക്കി ഉത്തരവാകുവാൻ വണക്കമായി അപേക്ഷിച്ചു കൊള്ളുന്നു.

## എതിർകക്ഷിയുടെ വാദം

പരാതിക്കാരനായ ശ്രീ. രവീന്ദ്രൻ.കെ.എം, ഇലശ്ശേരി (House), കായലം.പി.ഓ, മാവൂർ (Via), കോഴിക്കോട് എന്നവർ കോവൂർ ഇലെക്ട്രിക്കൽ സബ് ഡിവിഷന് കീഴിലെ മാവൂർ ഇലെക്ട്രിക്കൽ സെക്ഷൻ പരിധിയിൽ വരുന്ന 1165962026836 എന്ന കൺസ്യൂമർ നമ്പറിലുള്ള ഒരു ഉപഭോക്താവാണ്. പ്രസ്തുത സിംഗിൾഫേസ് കണക്ഷൻ 420 വാട്ട്സ് കണക്റ്റഡ് ലോഡായി VIIA താരിഫിൽ 25.07.2018 ന് നല്കിയിട്ടുള്ളതാണ്. 25.12.2023 മുതൽ 26.02.2024 വരെയുള്ള ദ്വൈമാസകാലയളവിൽ 2062 യൂണിറ്റ് വൈദ്യുതി ഉപഭോഗം വൈദ്യുതി മീറ്ററിൽ രേഖപ്പെടുത്തുകയും വൈദ്യുതി ചാർജ് ഇനത്തിൽ Rs. 21,909/- രൂപയുടെ വൈദ്യുതി ബിൽ 2.04.2024 ന് ഉപഭോക്താവിന് 6596240221415 & 6596240402649 എന്നീ ബിൽ നമ്പർ പ്രകാരം നൽകുകയും ചെയ്യുകയുണ്ടായി. ശ്രീ. രവീന്ദ്രൻ എന്നയാൾ കെ.സ്.ഇ.ബി ലിമിറ്റഡ് മാവൂർ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിൽ 27.01.2024 ന് പരാതി സമർപ്പിക്കുകയും പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ മാവൂർ ഇലക്ട്രിക്കൽ സെക്ഷനിലെ സബ് എഞ്ചിനീയർ വിപിൻദാസ്.എം.കെ പ്രസ്തുത ദിവസം പരിശോധന നടത്തുകയും പരിശോധനയിൽ കൺസ്യൂമർ നമ്പർ 1165962026836 കായലം ട്രാൻസ്ഫോമറിന് കീഴിലുള്ള PK/99 നമ്പർ പോസ്റ്റിൽ നിന്നുമാണ് റോഡിന് എതിർവശത്തുള്ള ഇരുനില കെട്ടിടത്തിലേക്ക് Isolator നിന്നും Busbar വഴിയാണ് വൈദ്യുതി കണക്ഷൻ നൽകിയിട്ടുള്ളതെന്നും സബ് എഞ്ചിനീയർ തയ്യാറാക്കിയ സൈറ്റ് മഹസ്സറിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 1165962026836 എന്ന കൺസ്യൂമർ നമ്പറിലുള്ള മീറ്റർ L&T നിർമ്മിതവും സീരിയൽ നമ്പർ 31738660 ആണ്. പ്രസ്തുത പരിശോധനയുടെ അടിസ്ഥാനത്തിൽ അടച്ചിട്ട കടയുടെ സീലിങ്ങിൽ ഉണ്ടായ SHORT CIRCUIT മൂലമാണ് 1165962026836 എന്ന കൺസ്യൂമർ നമ്പറിലുള്ള മീറ്ററിൽ 2062 യൂണിറ്റ് വൈദ്യുതി ഉപഭോഗം ദ്വൈ മാസ കാലയളവിൽ (25.12.2023 മുതൽ 26.02.2024 വരെ ) രേഖപ്പെടുത്തിയിട്ടുള്ളത് . സൈറ്റ് മഹസ്സറിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ഉപഭോക്താവിന്റെ വൈദ്യുതി പ്രതിഷ്ഠാപനങ്ങളിൽ ഉണ്ടായ തകരാറുമൂലം കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ മീറ്ററിൽ രേഖപ്പെടുത്തിയ യൂണിറ്റ് നിലവിലുള്ള നിയമപ്രകാരം ഇളവ് ചെയ്ത് നൽകുവാൻ സാധിക്കുന്നതല്ല എന്നും ദ്വൈമാസ വൈദ്യുതി ബിൽ ലഭിക്കുന്ന മുറക്ക് ബിൽ തുക നിർദിഷ്ട സമയത്തിനകം അടവാക്കേണ്ടതാണെന്ന് ഉപഭോക്താവിനെ അറിയിക്കുകയുണ്ടായി. പ്രസ്തുത അധികവൈദ്യുതി ബില്ലിനെതിരെ ഉപഭോക്താവായ ശ്രീ.രവീന്ദ്രൻ എന്നവർ ബഹുമാനപ്പെട്ട കൺസ്യൂമർ ഗ്രീവൻസ് റീഡ്രസ്സൽ ഫോറം കോഴിക്കോട് മുൻപാകെ പരാതി നൽകുകയും 15.05.2024 ന് കെ.എസ്.ഇ.ബി യുടെ വൈദ്യുതി ഭവനിലുള്ള സി ജി ആർ എഫ്

ഓഫീസിൽ വെച്ച് നടത്തിയ ഹിയറിങ്ങിൽ പരാതിക്കാരനായ ശ്രീ.കെ.എം രവീന്ദ്രൻ സമർപ്പിച്ച പരാതി ബഹുമാനപ്പെട്ട ഫോറം പരിശോധിക്കുകയും മീറ്ററിൽ രേഖപ്പെടുത്തിയ വൈദ്യുതി ഉപഭോഗത്തിന്റെ കറന്റ് ചാർജ്ജ് അടവാക്കാൻ പരാതിക്കാരൻ ബാധ്യസ്ഥനാണ് എന്ന് ബഹുമാനപ്പെട്ട ഫോറം കണ്ടെത്തുകയും ഉത്തരവാകുകയും ചെയ്തതാണ്. ബഹുമാനപ്പെട്ട സി.ജി.ആർ.എഫ് കോഴിക്കോടിന്റെ ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു .

1165962026836 എന്ന കൺസ്യൂമർ നമ്പറിലുള്ള മീറ്റർ പരിശോധിക്കുന്നതിനായി മാവൂർ സെക്ഷൻ ഓഫീസിൽ അപേക്ഷ സമർപ്പിച്ച് 08641691 രസീത് പ്രകാരം ഫീസടക്കുകയും ചെയ്തതിന്റെ ഫലമായി മീറ്റർ പരിശോധനക്ക് അയക്കുകയും പരാതിക്കാരന്റെ അപേക്ഷ പ്രകാരം പ്രസ്തുത മീറ്റർ TMR യൂണിറ്റ് കണ്ണൂരിൽ ടെസ്റ്റ് ചെയ്തതിന്റെ റിപ്പോർട്ടിന്റെ പകർപ്പ് പരാതിക്കാരന് നൽകുകയും ചെയ്തിട്ടുണ്ട് . ടി ടെസ്റ്റ് റിപ്പോർട്ട് പ്രകാരം meter tested 'OK' ആണെന്ന് കാണുന്നു . മീറ്റർ ടെസ്റ്റ് റിപ്പോർട്ടിൽ മീറ്ററിന്റെ മെമ്മറി ഡാറ്റായിൽ 03.01.2024 മുതൽ 25.01.2024 വരെ earth load tamper events രേഖപ്പെടുത്തിയിട്ടുണ്ടെന്നും ആയതിന്റെ ദൈർഘ്യം 22 ദിവസം 10 മണിക്കൂർ & 47 മിനിറ്റ് R2 ആണെന്നും രേഖപ്പെടുത്തിയിരിക്കുന്നു. സ്ഥലപരിശോധനയിൽ മുറിയിലെ സീലിംഗ് പോയിന്റിൽ ഉണ്ടായ ഷോർട്ടിങ് മൂലമുള്ള എർത്തിങ്ങിലൂടെയാണ് വൈദ്യുതി പാഴായിപോയത് എന്ന് ബഹുമാനപ്പെട്ട ഫോറം കണ്ടെത്തുകയുണ്ടായി. മീറ്റർ ടെസ്റ്റ് റിപ്പോർട്ടിൽ നിന്നും ഏകദേശം 22 ദിവസം നീണ്ടുനിന്ന ഒരു എർത്തിങ് ടി പ്രേമിസ്സിസ്സിൽ ഉണ്ടായിരുന്നു എന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണ്. പുറത്തുനിന്ന് അധികവൈദ്യുതി പ്രവഹിച്ചിരുന്നെങ്കിൽ മീറ്റർ കേടാകേണ്ടതായിരുന്നു. മീറ്റർ ടെസ്റ്റ് റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. വൈദ്യുതി നിയമം 2003 ലെ 50,181 എന്നീ സെക്ഷനുകൾ പ്രകാരം രൂപീകൃതമായിട്ടുള്ള സ്റ്റേറ്റ് റെഗുലേറ്ററി കമ്മീഷൻ പുറത്തിറക്കിയ ഇലക്ട്രിസിറ്റി സപ്ലൈകോഡ് റെഗുലേഷൻ 19(2) പ്രകാരം മെയിൻസ്വിച്ച് ഉപഭോക്താവ് LTകണക്ഷനിലെ തന്നെ പോയിന്റ് ഓഫ് സപ്ലൈയിൽ സ്ഥാപിക്കേണ്ടതാണ്. അതായത് നിലവിലെ നിയമപ്രകാരം മെയിൻസ്വിച്ചിനു ശേഷമുള്ള വൈദ്യുതി പ്രതിഷ്ഠാപനങ്ങൾ ഉപഭോക്താവ് തന്നെ സ്ഥാപിക്കുകയും ശരിയായരീതിയിൽ പരിപാലിക്കുകയും ചെയ്യേണ്ടതാണ്. എനർജി മീറ്ററും കട്ട് ഓഫ് ഫ്യൂസും വരെയുള്ള ഉപകരണങ്ങൾ ലൈസൻസിയുടെ (കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ നിയന്ത്രണത്തിലുമാണ്. ഇവിടെ ഉപഭോക്താവ് തന്നെ പരിപാലിക്കേണ്ട പ്രതിഷ്ട്ടാപനങ്ങൾക്ക് തകരാറ് സംഭവിക്കുകയും തന്മൂലം വൈദ്യുതി ചോർച്ച ഉണ്ടായതുമൂലമാണ് വൈദ്യുതിയുടെ ഉപഭോഗം മീറ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ

എതിർകക്ഷിക്ക് ഈ പരാതിയുമായി യാതൊരു ബാധ്യതയുമില്ലെന്ന് ബഹുമാനപ്പെട്ട കേരളസംസ്ഥാന ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ മുൻപാകെ ബോധിപ്പിക്കുന്നു. കൂടാതെ ഇലക്ട്രിസിറ്റി SUPPLY കോഡ് സെക്ഷൻ 15 (2) പ്രകാരം വയറിങ്ങിന് ഉപയോഗിക്കേണ്ട സാധന സാമഗ്രികൾ BIS (ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ്സ്) പ്രകാരം ഗുണനിലവാരമുള്ളതായിരിക്കണമെന്നും 15 (1) പ്രകാരം ഉപഭോക്താവ് പ്രേമിസ്സിസ്സിലെ വയറിങ് ജോലികൾ ലൈസൻസ് കോൺട്രാക്ടറെ കൊണ്ട് ചെയ്യിക്കേണ്ടതുമാണ് . കൂടാതെ വൈദ്യുതി നിയമം 2003ലെ സെക്ഷൻ 177,53 എന്നീ സെക്ഷൻ പ്രകാരം പുറത്തിറക്കിയ (measures relating to safety electricity supply) regulation 2023 പ്രകാരവും KSEBL ന്റെ നിലവിലെ മാനദണ്ഡങ്ങൾ പ്രകാരവും വൈദ്യുത പ്രതിഷ്ട്ടാപനങ്ങളുടെ ജോലിയും അതനുസരിച്ചുള്ള സുരക്ഷയും ഉപഭോക്താവ് തന്നെ പൂർത്തീകരിക്കേണ്ടതാണ്. ഇവിടെ ഉപഭോക്താവിന്റെ വയറിങ്ങിൽ വന്ന വീഴ്ചയാണ് വൈദ്യുതചോർച്ച ഉണ്ടായതും തന്മൂലം വൈദ്യുതി ഉപഭോഗം മീറ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ ഉപഭോക്താവ് നിലവിലുള്ള താരിഫ് അനുസരിച്ച് വൈദ്യുതിചാർജ്ജ് അടവാക്കാൻ ബാധ്യസ്ഥനാണ്.വയറിങ്ങിൽ വന്ന തകരാറു മൂലമുള്ള വൈദ്യുതി ചോർച്ചക്ക് പരാതിക്കാരൻ മാത്രമാണ് ഉത്തരവാദി. കെ.എസ്.ഇ.ബി ലിമിറ്റഡ് ഒരു പൊതുമേഖല സ്ഥാപനമാണ്. ഈ സ്ഥാപനം വിതരണം ചെയ്യുന്ന വൈദ്യുതിക്ക് അതാത് കാലത്തെ താരിഫ് അനുസരിച്ചുള്ള വൈദ്യുതി ബിൽ തുക അടവാക്കുക എന്നത് ഓരോ ഉപഭോക്താവിന്റെയും കടമയാണ് പ്രസ്തുത കടമ പരാതിക്കാരനും പാലിക്കേണ്ടതാണ്.

## <u>പരാതിക്കാരന്റെ എതിർവാദം</u>

1) മാവൂർ സെക്ഷനിലെ സബ് എൻജിനീയർ നൽകിയ സൈറ്റ് മഹസ്സറിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ മുഴുവനായും അസി.എക്സിക്യൂട്ടീവ് എൻജിനീയർ പറഞ്ഞിട്ടില്ല. പരാതിക്കാരന്റെ ഉടമസ്ഥതയിലുള്ള കൺസ്യൂമർ നമ്പർ 1165962026836 എന്ന മുറിയിലുള്ള വൈദ്യുത കണക്ഷൻ ഒരു ELCB യിലൂടെ ആണ് കടന്നുപോകുന്നത്. അത് മഹസ്സറിൽ പറഞ്ഞതാ ണ്. എന്തെങ്കിലും തകരാറ് സംഭവിച്ചാൽ അതായത് എർത്തിങ്ങ് മൂലം വൈദ്യുതി നഷ്ടം സംഭവിച്ചാൽ അത് ELCB ഓഫാകണം. ELCB പ്രവർത്തനക്ഷമമാണെന്ന് സബ് എൻജിനീ യർ പരാതിക്കാരന്റെ മുമ്പാകെ പരിശോധന നടത്തി ഉറപ്പുവരുത്തിയതുമാണ്. 2) വൈദ്യുതി കടന്നുവരുന്നത് ഒരു ബസ്സ്ബാറിലൂടെയാണെന്നും ആ ബസ്സ് ബാറിലൂടെ തന്നെ മറ്റു മൂന്നു കണക്ഷനുകൾ കൂടി നൽകുന്നുണ്ട്. അത് എല്ലാം ഒരു ബാറിലെ 4 വ്യത്യസ്ത എർത്തിംഗിലൂടെയാണ് ബന്ധിപ്പിച്ചിരിക്കുന്നത്. അതുപോലെ ഈ മുറിയുടെ ഷട്ടർ ഇരുമ്പ് കൊണ്ട് നിർമ്മിച്ചതാണ്. അതിന് മുമ്പിലായി ഇരുമ്പ് ഷീറ്റ് വിരിച്ചിട്ടുമുണ്ട്. PWD റോഡിന്റെ

അരികത്തുള്ള ഈ കെട്ടിടത്തിൽ നിന്നോ അതിനടുത്തുള്ള ഇരുമ്പ് ഉപ കരണങ്ങളിൽ നിന്നോ ആർക്കും ഒരു ഷോക്കും ഏറ്റിട്ടില്ല. അങ്ങിനെ എർത്തിംഗിലൂടെ വൈദ്യുതി പ്രവഹിച്ചിട്ടുണ്ട് എങ്കിൽ അത് അനുഭവിക്കേണ്ടതല്ലേ?

3) പരാതിക്കാരന്റെ പ്രസ്തുത നമ്പർ കണക്ഷനുള്ള മുറി അടഞ്ഞു കിടക്കുന്നതായിരുന്നു. അത് ഇലക്ട്രിസിറ്റി ബോർഡിലെ ഉദ്യോഗസ്ഥരാണ് ആദ്യം തുറന്നു പരിശോധിച്ചത്. അടുത്ത മുറിയിൽ നിന്നും താക്കോൽ വാങ്ങിയാണ് അവർ അത് തുറന്നതും പരിശോ ധിച്ചതും. അതിനുശേഷമാണ് പരാതിക്കാരനെ വിളിച്ചതും വിവരം പറഞ്ഞതും. അടച്ചിട്ട മുറിയിൽ ബൾബ് പോയിന്റിൽ കത്തലുകൾ കണ്ടെത്തിയെന്നത് ശരിയാണ്. പക്ഷെ അപ്പോഴും സ്വിച്ച് ഓഫിലായിരുന്നു. അത് സൈറ്റ് മഹസ്സറിൽ രേഖപ്പെടുത്തിയിട്ടില്ല. ഓഫറായ സ്വിച്ചിലൂടെ വൈദ്യുതി പ്രവേശിച്ചിട്ടില്ല. പിന്നെ കത്തലുണ്ടായത് പുറമെ നിന്നും ന്യൂട്ടറിലൂടെ വൈദ്യുതി പ്രവഹിച്ചതു കൊണ്ടല്ലെ ? ഈ സാങ്കേതികത അസി എക്സിക്യൂ ട്ടീവ് എൻജിനീയർ എന്നതുകൊണ്ട് കാണാതെ പോയി.

4) വളരെ വിചിത്രമായ വാദഗതിയായി കാണുന്നത് പരാതിക്കാരന്റെ വൈദ്യുതി വയറിംഗിൽ തകരാറുണ്ടെന്നും അത് ഗുണമേൻമയില്ലാത്ത വസ്തുക്കൾ കൊണ്ട് വയറിംഗ് നടത്തിയ തുകൊണ്ടാണെന്നും സമർത്ഥിക്കുന്നു. വയറിംഗ് ജോലികൾ ഒരു ലൈസൻസ് കോൺട്രാക്ർ ചെയ്യേണ്ടതാണെന്നും പറയുന്നു. എന്തൊരു വിരോധാഭാസമാണിതെന്ന് പരാതിക്കാരൻ ചോദിക്കുന്നു. അതായത് ഒരു വയറിംഗ് ജോലികഴിഞ്ഞാൽ കൺസ്യൂമർ ഒപ്പിട്ടു പൂരിപ്പിച്ച് നൽകുന്ന അപേക്ഷയിൽ ലൈസൻസ് നമ്പറോടു കൂടിയുള്ള കോൺട്രാ കൂർ ഒപ്പ് വെച്ച് സീൽ പതിച്ചാണ് നൽകുന്നത്. അത് പരിശോധിച്ച് ടെസ്റ്റ് റിപ്പോർട്ട് എഴുതി അസി. എൻജിനീയർക്ക് സമർപ്പിക്കുന്നത് അതേ ഇലക്ട്രിസിറ്റി ഓഫീസ്സിലെ ഉയർന്ന ഓവർസീയർമാരായിരിക്കും എന്നാണ് പരാതിക്കാരന്റെ പരിമിതമായ അറിവ്. അത് മേലു ദ്യോഗസ്ഥൻ കണ്ട് ഉറപ്പുവരുത്തി ആവശ്യമായ പണമടച്ചിട്ടാണല്ലോ ഒരു വൈദ്യുതി കണ ക്ഷൻ നൽകുന്നത്. എന്റെ കെട്ടിടത്തിലെ വയറിംഗ് ജോലികൾ പൂർത്തീകരിച്ചത് സർക്കാർ അംഗീകൃത ISI മാർക്കുള്ള ഉപകരണങ്ങൾ ഉപയോഗിച്ചാണ്. സർക്കാർ അംഗീകാരമുള്ള കോണ' കമ്പനിയുടെ ELCB യാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് സബ് എൻജിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. അതിന് ശേഷം "ഗുണമേൻമ ലൈസൻസ് കോൺട്രാക്ടർ എന്നീ പദപ്രയോഗങ്ങൾ പരാതിക്കാരനെ കരുതി കൂട്ടി ഉപദ്രവിക്കാനും ഉപയോഗിക്കാത്ത വൈദ്യുതി ബില്ല് പിടിച്ചു വാങ്ങാനും മാത്രമാണ്. ഇതൊക്കെ അറിയാവുന്ന അസി.എക്സിക്യൂട്ടീവ് എൻജിനീയർ തന്നെ അദ്ദേഹത്തിന്റെ കീഴിലുള്ള ഉദ്യോഗസ്ഥരുടെ അറിവും ഉത്തരവാദിത്തവും തത്ക്കാലം മറന്നു പോയതായി തോന്നി.

5) വൈദ്യുതി എർത്തിംഗിലൂടെ പുറത്തേക്ക് ഒഴുകിയതാണെന്നും അത് മീറ്ററിൽ രേഖപ്പെ ടുത്തിയിട്ടുണ്ടെന്നും പരാതിക്കാരൻ പറഞ്ഞപോലെ അധിക വൈദ്യുതി കടന്നുവന്നാൽ മീറ്റർ കേടാകുമെന്നും അസി.എക്സിക്യൂട്ടീവ് എൻജിനീയർ അവകാശപ്പെടുന്നു. എന്നാൽ ന്യൂട്ടറിലൂടെ വൈദ്യുതി കടന്നുചെന്നാൽ ഒരിക്കലും വൈദ്യുതീറ്റർ കേടാവില്ലെന്നും അങ്ങിനെയാണെങ്കിൽ ഈ ഭാഗത്തെ നൂറോളം വീടുകളിൽ ആ സമയത്ത് ന്യൂട്ടറിൽ കരണ്ട് പ്രവഹിച്ചു എന്നും ബോർഡുദ്യോഗസ്ഥർ പറഞ്ഞിട്ടുണ്ട്. അവിടെയൊന്നും മീറ്റർ കേടായിട്ടില്ല.

എർത്തിംഗിലൂടെ വൈദ്യുതി പ്രവഹിച്ചാൽ തന്നെ അത് ബോർഡിൽ ഞാൻ പരാതി പറയാതെ ഉദ്യോഗസ്ഥർക്കെങ്ങിനെ അറിയാമെന്നും പരാതിക്കാരന് സംശയമുണ്ട്. കൂടാതെ ഇതേ കെട്ടിടത്തിന്റെ തൊട്ടടുത്ത് മുമ്പിലുള്ള വീട്ടിൽ (സുബ്രഹ്മണ്യന്റെ വീട്ടിൽ) ടിവി സെറ്റോ ബോക്സും പ്ലഗ്ഗും ഇതിനടുത്ത ദിവസം വൈദ്യുതി അമിത പ്രവാഹം മൂലം കത്തി തെറിച്ചുപോയിട്ടുണ്ട്. അപ്പോൾ തന്നെ വൈദ്യുതി ഉദ്യോഗസ്ഥരെ വിളിച്ചറിയിച്ചതി നാൽ വൻ ദുരന്തം ഒഴിവായതാണ്. അവിടെയും മീറ്റർ കേടായിട്ടില്ല.

ആയതുകൊണ്ട് കേവലം ഇലക്ട്രിസിറ്റി ഉദ്യോഗസ്ഥരുടെ വീഴ്ച കൊണ്ടുണ്ടായതോ മറ്റേതെങ്കിലും കാരണങ്ങളെ കൊണ്ട് ഉണ്ടായതായ അമിത വൈദ്യുതി പ്രവാഹം അതും ന്യൂട്ടറിലൂടെയുള്ള പ്രവാഹം പരാതിക്കാരൻ വയറിംഗ് പോയിന്റ് കത്തിച്ചതാണെന്നും ആയതിന് അസി.എക്സിക്യൂട്ടീവ് എൻജിനീയർ തന്നെ മറുപടി ഒരുദ്ദേശപരമാണെന്നും അത് പാടെ തള്ളിക്കളയണമെന്നും പരാതിക്കാരനെ വിശ്വസിച്ച് മേൽ എഴുതി ബോധിപ്പി ക്കുന്ന കാര്യങ്ങൾ വിശ്വസിക്കണമെന്നും പരാതിക്കാരന്റെ പേരിലുള്ള അധിക വൈദ്യുത ബില്ല് ഒഴിവാക്കിതരാൻ ഉത്തരവാകണമെന്നും താഴ്മയോടെ കോടതിക്കുമുമ്പാകെ സമർപ്പിക്കുന്നു.

## <u>വിശകലനവും കണ്ടെത്തലുകളും</u>

അപ്പീൽ പരാതിയുടെ വാദം 30/08/2024-ന് രാവിലെ 10:30-ന് ,കെ എസ് ഇ ബോർഡ് കോഴിക്കോട് IB-യിൽവെച്ച് നടന്നു. പരാതിക്കാരനായ ശ്രീ. രവീന്ദ്രൻ എതിർ കക്ഷിയായ ശ്രീ. സന്തോഷ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കോവൂർ, കോഴിക്കോട് എന്നിവരാണ് ഹിയറിംഗിൽ പങ്കെടുത്തത്.

ഒരു കട നടത്തുന്നതിന് വേണ്ടി കണക്ഷൻ എടുത്തിട്ടുള്ള പരാതിക്കാരൻ ശ്രീ. കെ . എം രവീന്ദ്രൻ കട പ്രവർത്തിക്കാത്തതിനാൽ അടച്ചിട്ടിരിക്കുകയായിരുന്നു. കട അടച്ചിട്ടിരുന്നപ്പോൾ കണക്ഷൻ വിച്ഛേദിക്കുകയോ, മെയിൻ സ്വിച്ച് ഓഫ് ചെയ്യുകയോ ഉണ്ടായില്ല.

2023 ഡിസംബർ മുതൽ 2024 ഫെബ്രുവരി വരെയുള്ള രണ്ട് മാസത്തെ റീഡിങ് എടുത്തപ്പോൾ മീറ്റർ അമിതമായ ഉപഭോഗം രേഖപ്പെടുത്തിയതായി കണ്ടതിനാൽ ലൈസൻസി 21,909/- രൂപയുടെ ബിൽ നൽകുകയുണ്ടായി. ആകെ 420w മാത്രം കണക്ടഡ് ലോഡ് ഉണ്ടായിരുന്ന പ്രസ്തുത സ്ഥാപനത്തിൽ ഇത്രയും ഉപഭോഗം ഈ കാലയളവിൽ ഉണ്ടാകാനുള്ള സാധ്യത ഇല്ല. മീറ്റർ പരിശോധനക്ക് അയക്കുകയും പരിശോധനയിൽ മീറ്റർ ശരിയായി പ്രവൃത്തിക്കുന്നതാണെന്ന് കാണുകയും ചെയ്തു. മീറ്ററിൽ നിന്ന് ലഭ്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ 03/01/2024 മുതൽ 25/01/2024 വരെയുള്ള കാലയളവിലാണ് വൈദ്യുത ചോർച്ച ഉണ്ടായതായി കണ്ടെത്തിയിരിക്കുന്നത്.

isolator ൽ നിന്നും busbar വഴിയാണ് ഈ കെട്ടിടത്തിലേക്ക് കണക്ഷൻ നൽകിയിരിക്കുന്നത്. അവിടെ MCB , ELCB , എന്നിവ കാണുന്നില്ല എന്നും കോണിപ്പണിയുടെ തൊട്ടടുത്തുള്ള മുറിയിൽ switch board ന് മുകളിലായി ELCB സ്ഥാപിച്ചിട്ടുണ്ടെന്നും മഹസ്സറിൽ രേഖപ്പെടിത്തിയിരിക്കുന്നു. ഇതിൽ നിന്നും താഴെ തെക്ക് കിഴക്കേമുറിയിലുള്ള മുറിയിലേക്ക് ലൈൻ വലിച്ചിരിക്കുന്നു. ആ മുറിയുടെ സീലിംഗ് വരെ പോയിട്ടുള്ള വയർ short circuit ആയി കത്തിക്കരിഞ്ഞിരിക്കുന്നതായും കത്തിയ വയർ വേർപെട്ട നിലയിൽ ആയിരിക്കുന്നതായും മഹസറിൽ പറയുന്നു. ഈ short circuit ആയിരിക്കാം അമിതമായ ഉപഭോഗം രേഖപ്പെടുത്താൻ കാരണം. ELCB പ്രവർത്തനക്ഷമമായിരിക്കെ ഇത്തരത്തിൽ ഒരു short circuit ഉണ്ടാകുകയും ELCB പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്നതെപ്പോൾ ?

1. ഈ short circuit മീറ്ററിനും മെയിൻ സ്വിച്ചിനും ഇടക്കാണെങ്കിൽ .

2. ന്യൂട്ടറിലൂടെ ഫേസ് കേറി , phase to phase short ആയതാണെങ്കിൽ, earth fault അല്ലാത്തതിനാൽ ELCB trip ആകാനുള്ള സാധ്യതയില്ല.

The electricty Act. 2003, Section 45 പ്രകാരം മീറ്റർ രേഖപ്പെടുത്തുന്ന ഉപഭോഗത്തിനുള്ള ചാർജ് അടക്കാൻ ഉപഭോക്താവ് ബാധ്യസ്ഥനാണ്.

**Power to recover charges.–**

45 *(1)Subject to the provisions of this section, the prices to be charged by a distribution licensee for the supply of electricity by him in pursuance of section 43 shall be in accordance with such tariffs fixed from time to time and conditions of his licence.*

*(2). The charges for electricity supplied by a distribution licensee shall be:-*

*(a)fixed in accordance with the methods and the principles as may be specified by the concerned State Commission;*

*(b)published in such manner so as to give adequate publicity for such charges and prices.*

അതുപോലെ തന്നെ Voltage നിലനിർത്താൻ ലൈസൻസിയും ബാധ്യസ്ഥനാണ് എന്ന് Clause : 7 of supply Code 2014 ൽ പറയുന്നു.

7. *"Duty of licensee to maintain the specified voltage levels.- The licensee shall not vary the voltage at the point of supply from the voltage levels as specified in regulation 6, except with the written consent of the consumer or with the previous sanction of the Commission: Provided that variations in voltage at the point of supply within the limits specified hereunder is permissible without written consent of the consumer or the sanction of the Commission: (i) six per cent on higher side and lower side in the case of low tension supply; (ii) six per cent on the higher side or nine per cent on the lower side in the case of high tension supply; and 9 (iii) ten percent on the higher side or twelve and a half percent on the lower side in the case of extra-high tension supply: Provided further that the above limits of variations in voltage levels shall be applicable till the Central Electricity Authority specifies a different set of limits."*

ആ പ്രദേശത്ത് ന്യൂട്രൽ കറന്റ് ഉണ്ടായതായും അമിതമായ voltage fluctuation ഉണ്ടായിരുന്നതായും രണ്ട് കൂട്ടരും സമ്മതിക്കുന്നു. ഇങ്ങനെയുണ്ടായ തകരാർ നിമിത്തം പല വീടുകളിലും പ്രശ്നം ഉണ്ടായതായും സ്ഥിരീകരിക്കുന്നു. ഇത്തരം voltage fluctuation ഉണ്ടായതും ന്യൂട്രലിൽ കൂടുതൽ വൈദ്യുതി പ്രവഹിക്കാനിടയായതും ലൈസൻസിയുടെ വീഴ്ചയായി കണക്കാക്കാം. അതുപോലെ പരാതിക്കാരനും വീഴ്ച്ച സംഭവിച്ചിട്ടുണ്ട്. അടഞ്ഞു കിടന്ന കടയിലേക്കുള്ള കണക്ഷന്റെ മെയിൻ സ്വിച്ച് ഓഫ് ചെയ്യുന്നതിനോ, പവർ disconnect ചെയ്യുന്നതിനോ ശ്രദ്ധിച്ചില്ല എന്നതാണ്. ഇതിൽ പരാതിക്കാരന്റെയും ലൈസൻസിയുടെയും ഭാഗത്തു നിന്ന് വീഴ്ച്ച ഉണ്ടായിരുന്നതിനാൽ പരാതിക്കാരൻ പകുതി തുക അടക്കാൻ ബാധ്യസ്ഥനാണ്.

**തീരുമാനം**

സമർപ്പിച്ച രേഖകൾ പരിശോധിക്കുകയും, പരാതിക്കാരന്റെയും എതിർകക്ഷിയുടെയും വാദം കേൾക്കുകയും ചെയ്ത ശേഷം, മുകളിൽ സൂചിപ്പിച്ച വിശകലനത്തിൽ എത്തുകയും ഇനിപ്പറയുന്ന തീരുമാനം എടുക്കുകയും ചെയ്യുന്നു.

1. പരാതിക്കാരൻ ബിൽ തുകയുടെ പകുതി അടക്കാൻ ബാധ്യസ്ഥനാണ് .

2. ഈ തുക 12 മാസ ഗഡുക്കളായി അടക്കേണ്ടതാണ് .

**ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ**

P/053/2024/ തീയതി: 08-10-2024

**അയക്കുന്നത്:**

1. ശ്രീ.കെ.എം രവീന്ദ്രൻ , ഇലശേരി വീട് , കായലം പി.ഓ , മാവൂർ, കോഴിക്കോട് ജില്ല

2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, കോവൂർ, കോഴിക്കോട് ജില്ല

**പകർപ്പ് സമർപ്പിക്കുന്നത്:**

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, KPFC ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം -10.
2. സെക്രട്ടറി, കെ.എസ്.ഇ.ബി. ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം- 4.
3. ചെയർപേഴ്സൺ, CGRF, വൈധ്യുതി ഭവനം, കെ.എസ്.ഇ.ബി. ലിമിറ്റഡ് , ഗാന്ധി റോഡ്, കോഴിക്കോട് - 673011.